"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- എയ്ഡഡ് സ്കൂൾ-2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനാംഗീകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്

സ.ഉ.(അച്ചടി) നം.4/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 06/02/2021

പരാമർശം:- 1 17/ 08/ 2005ലെ സ.ഉ(പി )നം.317/ 2005/ പൊ.വി.വ
2 12/ 01/ 2010ലെ സ.ഉ(പി )നം.10/ 2010/ പൊ.വി.വ
3 03-12-2016ലെ സ.ഉ(പി )നം.199/2016/പൊ.വി.വ
4 28/02/2019ലെ സ.ഉ(പി )നം.03/2019/പൊ.വി.വ
5 08/ 03/2019ലെ സർക്കുലർ 57/ജെ2/19/പൊ.വി.വ

ഉത്തരവ്

പരാമർശം(1)ലെ ഉത്തരവ് പ്രകാരം 2006-07 വർഷം മുതൽ 2009-10 വർഷം വരെ സംസ്ഥാനത്തെ സ്കൂളുകളിൽ അധിക തസ്തികകളിൽ നിയമന നിരോധനം നിലവിലുണ്ടായിരുന്നു.തുടർന്ന്, പരാമർശം(2)ലെ ഉത്തരവ് പ്രകാരം നിയന്ത്രണം പിൻവലിക്കുകയും, തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളിൽ വരുന്ന ഒഴിവുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുമെന്ന ബോണ്ട് അതത് സ്കൂൾ മാനേജർ സർക്കാരിന് സമർപ്പിക്കണം എന്ന വ്യവസ്ഥയിൽ 2006-07 വർഷം മുതൽ പ്രതീക്ഷിത അധിക തസ്തികകളിൽ നിയമിച്ച അദ്ധ്യാപകർക്ക് നിയമന തീയതി മുതൽ അംഗീകാരം നല്കുന്നതിന് അനുമതി നൽകുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം മാനേജർമാരും ഇത്തരത്തിലുള്ള ബോണ്ട് സമർപ്പിക്കുവാൻ തയ്യാറാകാതെ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ഡിവിഷൻ ബഞ്ച് സർക്കാരിന് അനുകൂലമായി വിധി പുറപ്പെടുവിച്ച സാഹചര്യത്തിൽ, അതിനെതിരെ മാനേജർമാർ ബഹു. സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്ത് പ്രസ്തുത നിബന്ധനയ്ക്കെതിരെ സ്റ്റേ വാങ്ങുകയുമുണ്ടായി. അപ്രകാരം തുടരവേ, ഇത്തരത്തിൽ നിയമിതരായ അധ്യാപകർ, അവരുടെ നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനായി കോടതിയെ സമീപിക്കുകയും അതതു മാനേജർ 12/01/2010 ലെ ഉത്തരവ് പ്രകാരമുള്ള ബോണ്ട് വച്ചതായി അനുമാനിച്ച (deeming provision) മേൽ കാലയളവുകളിൽ (2006-07 വർഷം മുതൽ 2009-10 വർഷം വരെ) നിയമിതരായ അധ്യാപകർക്ക് അവരവരുടെ നിയമന തീയതികൾ മുതൽ അംഗീകാരം നൽകുവാൻ വ്യത്യസ്തങ്ങളായ വിധിന്യായങ്ങളിലൂടെ നിർദേശം നല്കുകയുമുണ്ടായി. അത്തരം കേസുകളിൽ അവരവരുടെ നിയമന തീയതി മുതൽ അംഗീകാരം നൽകുവാൻ അതത് വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, അതോടുകൂടി deeming provision അനുസരിച്ച് ഭാവിയിലുണ്ടാകുന്ന ഒഴിവുകൾ സംരക്ഷിതാധ്യാപക നിയമനത്തിനായി മാറ്റിവയ്ക്കുവാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണ്. ഈ വ്യവസ്ഥ പാലിക്കാതെ ഒഴിവുകൾ നികത്തിയതിന് നിയമനാംഗീകാരം നൽകിയിട്ടില്ല.

2) പരാമർശം(3) പ്രകാരം അധ്യാപകബാങ്ക്, സംരക്ഷിതാദ്ധ്യാപക നിയമനങ്ങൾ, 1:1 റേഷ്യോ പാലിച്ചുള്ള നിയമനങ്ങൾ എന്നീ വിഷയങ്ങളിൽ ചട്ടപ്രകാരം വ്യവസ്ഥകൾ 29-01-2016 മുതൽ പ്രാബല്യത്തിൽ ഏർപ്പെടുത്തിക്കൊണ്ട് കെ.ഇ.ആർ അധ്യായം XXI ലെ ചട്ടം 7 ഉപചട്ടം 1,2,3,4 എന്നിവ ഭേദഗതി ചെയ്തു. അതനുസരിച്ച് 1:1 റേഷ്യോ പാലിച്ചുകൊണ്ട് സംരക്ഷിതാദ്ധ്യാപക നിയമനങ്ങൾ നടത്താൻ മാനേജർമാർ ചട്ടപ്രകാരം ബാദ്ധ്യസ്ഥരാണ്. ഇതുസംബന്ധിച്ച് ബഹു.ഹൈക്കോടതിയിലും സുപ്രീം കോടതിയിലും കേസുകൾ നിലനിൽക്കുന്നുണ്ട്. 3) പരാമർശം (4) ,(5) പ്രകാരം മേൽപ്പറഞ്ഞ ചട്ടങ്ങളിൽ താത്കാലിക ഇളവ് നൽകുകയും സംരക്ഷിതാധ്യാപക നിയമനങ്ങൾക്കുള്ള വ്യവസ്ഥ ഉദാരമാക്കുകയും ചെയ്തു. എന്നിരുന്നാലും, ചട്ടങ്ങൾക്കും ഇളവുകൾക്കും അനുസൃതമല്ലാതെ നിയമിക്കപ്പെട്ട നിരവധി ടീച്ചർമാർക്ക് നിയമനാംഗീകാരവും ശമ്പളവും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അധ്യാപകബാങ്കിലുള്ള സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം, സംരക്ഷിതാധ്യാപക നിയമനവുമായി ബന്ധപ്പെട്ട കെ.ഇ.ആർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാതെ ഇടരുന്നവരുടെ നിയമനാംഗീകാരം എന്നിവ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

(1) നിലവിലുള്ള സംരക്ഷിതാദ്ധ്യാപകരെ മാനേജ്മെന്റിന് നിയമിക്കാൻ പാകത്തിൽ അധ്യാപക ബാങ്ക് ജില്ലാതലത്തിൽ പുതുക്കേണ്ടതാണ്. അധ്യാപക ബാങ്കിലുള്ള സംരക്ഷിതാദ്ധ്യാപകനെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ മാനേജർ നിയമിച്ചു കഴിഞ്ഞാൽ അത് രേഖപ്പെടുത്തുന്നതിനും, ഓരോ ഘട്ടത്തിലും ആവശ്യമായ ഭേദഗതി/കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കേണ്ടതുമാണ്. ഇതിനായി "സമന്വയ" സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് KITE (Kerala Infrasructure and Technology for Education)-നെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ ഏകോപനം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കായിരിക്കും.

(2) മാനേജർ അധ്യാപക ബാങ്കിൽ നിന്നും നിയമാനുസൃതം നിയമിക്കേണ്ട ഒഴിവിലേക്ക് സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചു ഉത്തരവാകുകയോ/ഭാവിയിലുണ്ടാകുന്ന ഒഴിവിലേക്ക് നിയമിക്കാമെന്ന സത്യപ്രസ്താവന നല്കുകയോ ചെയ്യുന്ന തീയതി മുതൽ നിലവിലുള്ള കെ.ഇ.ആർ. വ്യവസ്ഥകളിൽ താൽക്കാലിക ഇളവ് നല്കി, നിയമിക്കപ്പെട്ട ജീവനക്കാർക്ക് നിയമനാംഗീകാരം നൽകാവുന്നതാണ്. ഇവ നടപ്പാക്കുന്നതുമൂലം ഉണ്ടാകാവുന്ന കടിശ്ശികസാമ്പത്തികാനുകൂല്യങ്ങൾ നോഷണൽ ആയിരിക്കുന്നതാണ്.

(3) അധ്യാപക ബാങ്കിലുള്ള സംരക്ഷിതാദ്ധ്യാപകരെ മുൻഗണന നല്കി നിയമിക്കേണ്ടത് താഴെ പറയുന്ന ഒഴിവുകളിലാണ്:-

a) <u>1979നു ശേഷം ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ വിദ്യാലയങ്ങളിലെ ഒരു തസ്തിക</u>

ഇത്തരത്തിൽ ഒരു തസ്തിക ഉയർത്തപ്പെട്ട സെക്ഷനിൽ മാറ്റി വയ്ക്കാൻ കഴിയാത്ത പക്ഷം പ്രീ-അപ്ഗ്രേഡഡ് സെക്ഷനിലുണ്ടാകുന്ന ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വയ്ക്കണം. ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റുകളിൽ പുതുതായി ആരംഭിച്ചതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിന് ഒഴിവ് ലഭ്യമല്ലെങ്കിൽ മാനേജ്മെന്റിലെ ഏതെങ്കിലും സ്കൂളിൽ ഉണ്ടാകുന്ന ഒരു ഒഴിവിൽ നിയമിക്കണം.

b) <u>ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കുന്നതുവഴി ലഭ്യമാകുന്ന തസ്തിക (HTV).</u>

സംരക്ഷിത HST മാരെ പുനർവിന്യസിക്കാൻ ജില്ലയിൽ അതത് കാറ്റഗറികളിൽ ഒഴിവ് ലഭ്യമല്ലാത്ത ഘട്ടത്തിൽ യു.പി. വിഭാഗം HTV തസ്തികകളിൽ അവർ UPST, ഭാഷാ, സ്പെഷ്യലിസ്റ്റ് തസ്തികകൾക്ക് യോഗ്യരാണെങ്കിൽ ശമ്പള സംരക്ഷണത്തോടെ HSTമാരെ നിയമിക്കാവുന്നതാണ്.

എന്നാൽ ജില്ലയിലെ അധ്യാപക ബാങ്കിൽ സംരക്ഷിത UPST/LPSTമാർ ഇല്ലെങ്കിൽ മാത്രമേ ഇപ്രകാരം ചെയ്യേണ്ടതുള്ളൂ.

(4) അധ്യാപക ബാങ്കിലുള്ള മുഴുവൻ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും കെ.ഇ.ആർ. അധ്യായം XXI ചട്ടം 7 പ്രകാരമുള്ള നിയമനം നല്കി എന്ന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പ് വരുത്തേണ്ടതാണ്. സത്യപ്രസ്താവന മാത്രം നല്കി നിയമനാംഗീകാരം നല്കുന്ന സ്കൂളുകളെ സംബന്ധിച്ച ഒരു രജിസ്റ്റർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ സൂക്ഷിക്കേണ്ടതാണ്.

(5) ഹെഡ് ടീച്ചർ വേക്കൻസി സംരക്ഷിതാദ്ധ്യാപകനെ കൊണ്ട് മാത്രമേ നികത്താൻ പാടുള്ളൂ. നിലവിൽ ഹെഡ് ടീച്ചർ വേക്കൻസിയിൽ ഏതെങ്കിലും അധ്യാപകനെ നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരക്കാരുടെ നിയമനം അംഗീകരിക്കേണ്ടതില്ല.

(6) 12.01.2010ലെ സ.ഉ.(പി)10/10 ഉത്തരവിലെ 5, 6 വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നിയമനം നടത്തിയിട്ടുള്ള കേസുകളിൽ തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ, ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്കു വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധനയോടെ, നിയമിക്കപ്പെട്ടവരുടെ നിയമനം അംഗീകരിക്കാവുന്നതാണ്.

(7) 2005നു മുമ്പെ നിലനിന്നിരുന്ന കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം 51 A അവകാശം നേടിയവരെ പിന്നീട് മാനേജർ നിയമനം നല്കുന്ന സമയത്ത് ഉയർന്ന പ്രായപരിധി കഴിഞ്ഞിട്ടുള്ള വിഷയത്തിലും, മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് പിന്നീട് മതിയായ എണ്ണം കുട്ടികളുണ്ടായി നിയമനം റിവ്യൂ ചെയ്ത് അംഗീകാരം നല്കുമ്പോഴേയ്ക്കും ഉയർന്ന പ്രായപരിധി കഴിഞ്ഞവരുടെ വിഷയത്തിലും, നിയമിക്കപ്പെടുന്ന സമയത്ത് നിശ്ചിത പ്രായപരിധിക്കകത്തായിരുന്നുവെങ്കിലും വിവിധ നിയന്ത്രണങ്ങളാൽ നിയമനാംഗീകാരം നീണ്ടുപോയി നിയമനാംഗീകാര പ്രാബല്യം നല്കുന്ന സമയത്ത് പ്രായപരിധി കഴിഞ്ഞവരുടെ വിഷയത്തിലും ഉയർന്ന പ്രായപരിധി നിബന്ധന ബാധകമാക്കാതെ നിയമനാംഗീകാരം നൽകാവുന്നതാണ്.

(8) മേൽപരാമർശിച്ച ഇളവുകൾ സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥകൾ സംബന്ധിച്ച് ബഹു. സുപ്രീം കോടതി, ഹൈക്കോടതി എന്നിവിടങ്ങളിൽ നിലനിൽക്കുന്ന കേസുകൾക്ക് വിധേയമായിരിക്കും. ഇക്കാര്യം നിയമനാംഗീകാര ഉത്തരവ് നല്കുമ്പോൾ വ്യക്തമാക്കേണ്ടതാണ്.

(9) ചട്ടവ്യവസ്ഥകൾ പാലിക്കാത്തതിനാൽ ഇതിനകം നിരസിക്കപ്പെട്ട നിയമന പ്രൊപ്പോസലുകൾ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ഉത്തരവില്ലാതെ അംഗീകരിക്കാവുന്നതാണ്.

(10) മേൽപ്പറഞ്ഞ ഉത്തരവുകൾ 2016-17 വർഷം മുതൽ 2019 – 20 വർഷം വരെയുള്ള നിയമനങ്ങൾക്കു മാത്രം ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ( പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന )
എല്ലാ പ്രധാനാധ്യാപകർക്കും ( പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ),കേരളം, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ (എസ് സി) വകുപ്പ്
ധനകാര്യ വകുപ്പ്(EDN A1/246/2020-FIN)
ഡയറക്ടർ,വിവരപൊതുജനസമ്പർക്ക വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ,ഐ.ടി @ സ്കൂൾ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും,സെക്ഷനുകൾക്കും
സ്റ്റോക്ക്ഫയൽ, ഓഫീസ് കോപ്പി

Signature valid
Digitally signed by PARVATHY S A
Date: 2021.02.06 15:32:21 IST
Reason: Approved

പകർപ്പ് :-
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.വിദ്യാഭ്യാസ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ